LIBRARY ARCHIVES Kerala Legislative Assembly

സംരംഭകത്വ സംസ്കാരവികസനം

161(2150) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സംരംഭകത്വ സംസ്കാരം വളർത്തിയെടുക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബുകൾ അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ക്ലബുകളുടെ പ്രവർത്തനം സംബന്ധിച്ച മാർഗ്ഗ രേഖകൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സംരംഭകത്വ സംസ്കാരം വളർത്തിയെടുക്കാൻ ആവിഷ്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. ലേൺ - ടു - കോഡ് പ്രോഗ്രാം : കേരളത്തിലെ വിദ്യാർത്ഥികളിൽ കമ്പ്യൂട്ടർ അവബോധം വ്യാപകമാക്കുന്നതിനും അതുവഴി കേരളത്തെ ഭാവിയിൽ ഐ.റ്റി. ഹബ്ബാക്കി മാറ്റുന്നതിനും കോഡിംഗ് വൈദഗ്ധ്യം വളർത്തുന്നതിനുമുള്ള ഒരു പദ്ധതിയാണ് "ലേൺ ടു കോഡ്". ഈ പദ്ധതി പ്രകാരം 2500 റാസ്ബെറി പൈ കിറ്റുകളാണ് കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കു നൽകിയത്. അടിസ്ഥാനപരമായ പരിശീലനം നൽകി വിദ്യാർത്ഥികളിൽ പുതിയ ആശയങ്ങൾ ആവിഷ്കരിക്കുന്നതിനുള്ള പ്രോത്സാഹനം നൽകാൻ ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

2. നേതൃത്വ പരിശീലന പരിപാടി : സംസ്ഥാന സർക്കാർ രൂപം നൽകിയ വിവിധ സംരംഭകത്വ പരിപാടികളിലൂടെയും സംരംഭകത്വ വികസന ക്ലബുകളിലൂടെയും വളർന്നുവന്ന വിവിധ വിദ്യാർത്ഥികളിൽ നേതൃത്വ പരിശീലന പാടവം വളർത്തുവാനായി വിദേശ യൂണിവേഴ്സിറ്റികൾ സന്ദർശിക്കാൻ അവസരം ഒരുക്കുക എന്നതാണ് ഈ പദ്ധതിവഴി ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ ഭാഗമായുള്ള നേതൃത്വ പരിശീലന പരിപാടികൾ (IIITM-K,NAASCOM 20-20), EMPRETEK വർക്ക് ഷോപ്പ്, മീറ്റ് ദി മെന്റർ തുടങ്ങിയ പരിപാടികൾ നടത്തിവരുന്നു.

3. അന്തർദ്ദേശീയ സംരംഭകത്വ എക്സ്ചേഞ്ച് പരിപാടി : വിദ്യാർത്ഥികളെ വിവിധ അന്തർദ്ദേശീയ കോൺഫറൻസുകളിൽ പങ്കടുപ്പിക്കുക എന്ന ലക്ഷ്യത്തോടെ രൂപം നൽകിയ പദ്ധതിയാണ് അന്തർദ്ദേശീയ സംരംഭകത്വ എക്സ്ചേഞ്ച് പരിപാടി.

2013 -14 ൽ 5 യുവ സംരംഭക വിദ്യാർത്ഥികളെ സംസ്ഥാന സർക്കാർ സിലിക്കൺ വാലിയിലേക്ക് അയച്ചിരുന്നു. ആ പരിപാടിയിലൂടെ വിദ്യാർത്ഥികളിൽ വന്ന മാറ്റത്തെ അടിസ്ഥാനമാക്കി സംസ്ഥാന സർക്കാർ 10-ഓളം യുവ വിദ്യാർത്ഥികളെ എല്ലാ വർഷവും സിലിക്കൺ വാലിയിലേക്ക് അയയ്ക്കുവാനും അവിടെ വിദ്യാർത്ഥികൾക്ക് എല്ലാ സൗകര്യങ്ങളും ഒരുക്കുവാനുമായി ഒരു സിലിക്കൺ വാലി ലാൻഡ് പാഡ് ആരംഭിക്കുവാനും തീരുമാനമെടുത്തു.

4. സ്റ്റാർട്ട് അപ്പ് ബൂട്ട് ക്യാമ്പ് : കേരളത്തിലെ വിദ്യാർത്ഥികളിൽ സംരംഭകത്വം വളർത്തുവാനും നൂതന ആശയങ്ങൾക്കു പ്രോത്സാഹനം നൽകുവാനുമായി സംസ്ഥാന സർക്കാർ രൂപം കൊടുത്ത പദ്ധതിയാണ് സ്റ്റാർട്ട് അപ്പ് ബൂട്ട് ക്യാമ്പ്. ഇതിന്റെ ഭാഗമായി കേരളത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്. 25 എഞ്ചിനീയറിംഗ് കോളേജുകളിൽ ബൂട്ട് ക്യാമ്പ് തുടങ്ങുകയും അവയുടെ നടത്തിപ്പിനായി ഒരു ലക്ഷം രൂപ വീതം നൽകുകയും ചെയ്തു.

5. ഫാബ് ലാബ് : ഇലക്ട്രോണിക്സ് മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനും ഇതിലേക്ക് കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കുവാനുമായി തിരുവനന്തപുരത്ത് ടെക്നോപാർക്കിലും കൊച്ചിയിലെ കിൻഫ്രയിലും ഫാബ് ലാബുകൾ സ്ഥാപിക്കാനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി തിരുവനന്തപുരത്തെ ടെക്നോപാർക്കിൽ ഫാബ് ലാബ് സ്ഥാപിച്ചു. കൊച്ചിയിലെ ഫാബ് ലാബ് സ്ഥാപിക്കുന്നതിനായുള്ള നടപടികൾ നടന്നുവരുന്നു.

6. സ്റ്റാർട്ട് അപ് ബോക്സ് ക്യാമ്പയിൻ : കേരളത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളെ സംരംഭകരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ സംരംഭകത്വ പ്രചരണ പരിപാടി സംഘടിപ്പിക്കുവാനും വിദ്യാർത്ഥികൾക്ക് സ്റ്റാർട്ട് അപ് ബോക്സുകൾ വിതരണം ചെയ്യുവാനുമായി രൂപം നൽകിയ പദ്ധതിയാണ് സ്റ്റാർട്ട് അപ് ബോക്സ് ക്യാമ്പയിൻ. ഇതിന്റെ ഭാഗമായി 50 സ്റ്റാർട്ട് അപ് കിറ്റുകളുടെ വിതരണത്തിനായുള്ള നടപടികൾ നടന്നു വരുന്നു.

(ബി) കേരളത്തിലെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക് കോളേജുകളിലും സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി വഴി വിദ്യാർത്ഥികൾക്ക് പുതിയ ആശയങ്ങൾ രൂപീകരിക്കുവാനും വിവിധ വ്യവസായ മേഖലകളുമായി പരിചയപ്പെടുവാനും അതുവഴി പുതിയ കമ്പനികൾ അവരുടെ ക്യാമ്പസിൽത്തന്നെ ആരംഭിക്കാൻ കഴിയുന്നതുമാണ്. ബൂട്ട് ക്യാമ്പിന്റെ ഭാഗമായി

LIBRARY ARCHIVES Kerala Legislative Assembly

വിവിധ ടെക്നിക്കൽ സെഷനുകൾ, വർക്ക്ഷോപ്പുകൾ തുടങ്ങിയവ നടത്താറുണ്ട്. ക്ലബ്ബുകൾക്ക് ലഭ്യമാകുന്ന തുക വിവിധ വർക്ക്ഷോപ്പ്, സെമിനാർ, ടെക്നിക്കൽ സെഷനുകൾ തുടങ്ങിയവ നടത്താനായി വിനിയോഗിക്കണമെന്ന് നിർദ്ദേശം നലകിയിട്ടുണ്ട്. സംരംഭകത്വ വികസന ക്ലബ്ബുകൾ തുടങ്ങാൻ താല്പര്യമുള്ള കോളേജുകൾ അവരുടെ കോളേജ് ലെറ്റർപാഡിൽ അപേക്ഷയും അപേക്ഷാ ഫോറം, പ്രസ്തുത പദ്ധതിക്ക് കോളേജിൽ നേതൃത്വം നൽകുന്ന ആളുടെ വിവരങ്ങൾ എന്നിവയും നൽകേണ്ടതാണ്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ ക്രമക്കേടുകൾ

162(2151) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ ക്രമക്കേടുകളെ സംബന്ധിച്ച് വിജിലൻസ് നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ സ്ഥാപനങ്ങളിലെ എം.ഡി.-മാരെ സസ്പെൻഡ് ചെയ്യണമെന്നാവശ്യപ്പെട്ട് വിജിലൻസ് ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന മാനേജിംഗ് ഡയറക്ടർമാരെ സസ്പെന്റ് ചെയ്യണമെന്നാവശ്യപ്പെട്ട് വിജിലൻസ് ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

1. ഡോ. റിജി. ജി നായർ, മുൻ മാനേജിംഗ് ഡയറക്ടർ, കൺസ്യൂമർ ഫെഡ്.

2. ശ്രീമതി രാജശ്രീ അജിത്ത്, മുൻ മാനേജിംഗ് ഡയറക്ടർ കെ.ടി.ഡി.എഫ്.സി.

3. ശ്രീ. സജി ബഷീർ, മാനേജിംഗ് ഡയറക്ടർ, സിഡ്കോ.

(ബി) വിജിലൻസ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡോ. റിജി ജി. നായരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly